നാട്ടിന്റെ അഭിവൃദ്ധിയെയും പൊതുതാല്പര്യങ്ങളെയും മുൻനിർത്തി ഇതരസമുദായത്തോടും സഹകരണത്തോടും സൌഹൃദത്തോടും വർത്തിക്കണമെന്നു് ഇസ്ലാം ഉപദേശിക്കുന്നു. അല്ലാഹു പറയുന്നു: ''മതകാര്യത്തിൽ നിങ്ങളോടു് സമരം ചെയ്യുകയും, നിങ്ങളെ നാട്ടിൽനിന്നും വീട്ടിൽനിന്നും ബഹിഷ്കരിക്കുകയും ചെയ്തിട്ടില്ലാത്തവരോടു്, അവർക്കു് ഗുണം ചെയ്തുകൊടുക്കുന്നതിനെയോ, അവരോടു് നീതിപൂർവ്വം ഇടപെടുന്നതിനെയോ അല്ലാഹു നിരോധിക്കുന്നില്ല. (മാത്രമല്ല) നീതിമാന്മാരെ തീർച്ചയായും ദൈവം സ്നേഹിക്കുന്നു." (ഖുർആൻ) മുസ്ലിംകൾക്കു് ശേഷിയും സ്വാധീനശക്തിയുമില്ലാതിരുന്ന അവസരത്തിൽ അവരെ ക്രൂരാൽക്രൂരമായ മർദ്ദനങ്ങൾക്കു് വിധേയരാക്കിയ എത്രയോ അവിശ്വാസികളെ നബിതിരുമേനി വെറുതെ വിടുകയാണുണ്ടായതു്. നബിയെ വധിക്കുവാൻ വട്ടംകൂട്ടുകയും, നാനാരൂപേണയും മർദ്ദിച്ചവശനാക്കുകയും, സ്വരാജ്യത്തു് നിന്നു് ബഹിഷ്കരിക്കുകയും ചെയ്ത എതിർകക്ഷിയുടെ നേതാവായ അബൂസുഫ്‌യാനെ തിരുമേനി ചെയ്തതെന്താണു്? മക്കാവിജയത്തിന്നുശേഷം മുസ്ലിംകൾ ഒരജയ്യശക്തിയായിത്തീർന്നു; ശത്രുപക്ഷം അമ്പെ പരാജയപ്പെട്ടു; അബൂസുഫ്‌യാനെപോലുള്ള ധീരസേനാനികൾ നബിയുടെ പിടിയിലമർന്നു. ശത്രുക്കൾ ബലമായി വിശ്വസിച്ചു, തങ്ങൾ യമപുരിക്കയക്കപ്പെടുമെന്നു്. പക്ഷെ, അവരെയെല്ലാം ആ മഹാമനസ്സൻ വെറുതെ വിടുകയാണു് ചെയ്തതു്. അബൂസുഫ്‌യാന്നു് അദ്ദേഹം മാന്യമായ ഒരു സ്ഥാനം നല്കി ആദരിച്ചു.

തങ്ങളുടെ സമുദായത്തിൽ ചേർന്നില്ലായെന്ന കാരണത്താൽ വിമതസ്ഥരോടു് അനീതിയോ അധർമ്മമോ കാണിക്കരുതെന്നു് ഖുർആൻ ശക്തിമത്തായ ഭാഷയിൽ പ്രഖ്യാപിക്കുന്നു: ''ദൈവത്തെ കൂടാതെ സൃഷ്ട്യാരാധകർ വിളിച്ചു് പ്രാർത്ഥിച്ചു വരുന്ന ബിംബങ്ങളെ നിങ്ങൾ ചീത്തപറയരുതു്. തന്നിമിത്തം അവർ വിവരമില്ലാതെ, ദൈവത്തിന്റെ മഹോന്നതനില ഗ്രഹിക്കാതെ അതിരുകടന്നു് ദൈവത്തെ പഴിച്ചേക്കും.'' ഇങ്ങോട്ടു് സാഹോദര്യനിലക്കു് പെരുമാറിയിട്ടില്ലെങ്കിലും അങ്ങോട്ടു് മര്യാദയോടുകൂടി പെരുമാറാനാണു് ഇസ്ലാം നിർദ്ദേശിക്കുന്നതു്. പ്രത്യുപകാരം ചെയ്യാത്ത ഒരുവനോടു് സൌമ്യനിലക്കു് പെരുമാറണമെന്നു് അതു് നമ്മെ പഠിപ്പിക്കുന്നു. അപമര്യാദയായി പെരുമാറിയ ഒരാളോടു് പ്രതികാരം ചോദിക്കുന്നതിന്നു പകരം വിട്ടുവീഴ്ചാ മനസ്ഥിതിയോടെ അവനെ ആദരിക്കണമെന്നാണാവിശിഷ്ട മതം പ്രഖ്യാപിക്കുന്നതു്. അബുൽ അഹ്‌വസിൽ ജുഷമി ഒരിക്കൽ നബിയോടിപ്രകാരം ചോദിക്കുകയുണ്ടായി: ''അല്ലാഹുവിന്റെ ദൂതരേ; ഞാൻ ഒരാളുടെ അടുക്കൽ പോകുകയും അയാളെന്നെ അതിഥിയെന്നനിലക്കു് സല്ക്കരിക്കാതിരിക്കുകയും ചെയ്തതിന്നുശേഷം അയാൾ എന്റെ അടുക്കൽ വന്നാൽ ഞാനയാളെ സല്ക്കരിക്കാതിരിക്കണമോ? അതോ, അയാളോടു് പ്രതികാരം ചെയ്യണമോ?

''നിങ്ങൾ അയാളെ സല്ക്കരിക്കുകയാണു് വേണ്ടതു്'' നബി (സ : അ) പ്രതിവചിച്ചു.

വളരെയധികം തെററിദ്ധാരണകൾക്കു് വിധേയമായിട്ടുള്ള ഒരു മതമാണിസ്ലാം. അതു് കലഹത്തിന്നും, കഴപ്പത്തിന്നും തമ്മിൽത്തല്ലലിന്നും ചൂട്ടുപിടിക്കുന്ന ഒരു സിദ്ധാന്തമാണെന്നാണു്, അതിന്റെ ശത്രുക്കൾ പറഞ്ഞുപരത്തീട്ടുള്ളതു്. വില്യം മ്യൂയിർ എന്ന ചരിത്രകാരൻ എഴുതുന്നു: ''സഹിഷ്ണുത ഇസ്ലാമിനെസംബന്ധിച്ചേടത്തോളം അജ്ഞാതമാണു്.'' പ്രസിദ്ധ ചരിത്രപണ്ഡിതനായ ബോസു് വർത്ത്

സ്ഥിത്ത് പറയുകയാണ്: ''ഇസ്ലാം ഏററവും ഹീനമായ പാപങ്ങളെ പ്രോത്സാഹിപ്പിക്കുകയും അമുസ്ലിംകളോട് പകയും വിദ്വേഷവും വെച്ചുപുലർത്തുകയും ചെയ്യുന്ന ഒരു മതമാണ്. ഇസ്ലാമിലെ ദൈവം, പ്രധാനമായും യുദ്ധക്കൊതിയനായ ഒരു ദൈവമാണെന്നതിന്ന് സംശയമില്ല.'' വിശുദ്ധ ഖുർആനും പ്രവാചകചര്യകളും ഇസ്ലാമികചരിത്രവും വസ്തുനിഷ്ഠമായി പഠിക്കുന്ന ഏതൊരാൾക്കും ഇസ്ലാം അസഹിഷ്ണുതയെ വെച്ചുപോററുന്ന ഒരു മതമല്ലായെന്നും പ്രത്യുത, ലോകത്തിന്ന് ഇദം പ്രഥമമായി സഹിഷ്ണുത പഠിപ്പിച്ചു കൊടുത്തത് ഇസ്ലാമാണെന്നുമുള്ള വസ്തുത വ്യക്തമായി മനസ്സിലാക്കാൻ സാധിക്കും.

മുസ്ലിംകൾ രണാങ്കണത്തിലിറങ്ങി യുദ്ധം ചെയ്തിട്ടുള്ള സന്ദർഭങ്ങൾ വിരളമായേ നമുക്ക് കാണാൻ സാധിക്കുകയുള്ളൂ. അതു തന്നെ തങ്ങളേക്കാൾ കൂടുതൽ യുദ്ധസാമഗ്രികളുള്ള സൈന്യങ്ങളോടായിരുന്നു. ഇസ്ലാമിനെയും തൽപ്രബോധകരെയും അനുയായികളെയും അക്രമിക്കുവാൻ വിമതസ്ഥർ മുതിരുമ്പോൾ അതെല്ലാം സഹിച്ചുകൊണ്ട് നിന്നുകൊള്ളണമെന്ന് ഇസ്ലാം കല്പിക്കുന്നില്ല. അല്ലാഹു പറയുന്നു: ''നിങ്ങൾ നിങ്ങളുടെ ശത്രുക്കളായി അവിശ്വാസികളെ കണ്ടെത്തിയാൽ (അവരുടെ) കഴുത്തുകൾ വെട്ടുക. നിങ്ങളവരെ അധികം കൊലപ്പെടുത്തിയാൽ (പിന്നെ നിങ്ങൾ കൊലചെയ്യരുത്, ബന്ധനസ്ഥരാക്കുകയാണ് വേണ്ടത്). അങ്ങിനെ നിങ്ങൾ ഉറപ്പ് വാങ്ങിക്കഴിഞ്ഞാൽ (ബന്ധനസ്ഥരെ) ഔദാര്യപൂർവ്വം വിട്ടയക്കുക. ഇതാണവരുടെ കാര്യത്തിലുള്ളത്.'' (ഖുർആൻ)

യുദ്ധത്തിന്ന് അനുമതി ലഭിച്ചപ്പോൾ മുസ്ലിംകൾക്ക് വെറുപ്പാണുണ്ടായിരുന്നതെന്ന കാര്യം ഖുർആൻ ചൂണ്ടിക്കാട്ടുന്നുണ്ട്. അല്ലാഹുവിന്റെ മതത്തിന്റെ നേരെ സഹിഷ്ണുതയോടുകൂടി വർത്തിക്കുന്നവരുമായി യുദ്ധം ചെയ്യാൻ പാടില്ലെന്ന് അത് വ്യക്തമാക്കുന്നു. സമരമദ്ധ്യത്തിൽപോലും ശത്രുക്കൾ സന്ധിക്കൊരുങ്ങിക്കഴിഞ്ഞാൽ മുസ്ലിംകൾ തൽക്ഷണം സമാധാനം സ്ഥാപിക്കേണ്ടതാണ്. (ഖുർആൻ)

മതത്തിൽ നിർബ്ബന്ധം പാടില്ലെന്ന് സുവ്യക്തം ഉദ്ഘോഷിച്ചിരിക്കെ മതപരമായി വാളുകൊണ്ടുള്ള നിർബ്ബന്ധം ചെലുത്താൻ പാടില്ലാത്തതാകുന്നു. നബി (സ:അ), ഹിജറ: ആറാം വർഷത്തിൽ പല രാജാക്കന്മാരേയും ഇസ്ലാംമതത്തിലേക്ക് ക്ഷണിച്ചുകൊണ്ട് കത്തുകളെഴുതീട്ടുണ്ട്. ദൌത്യം സ്വീകരിക്കാത്തപക്ഷം അവരുമായി യുദ്ധം ചെയ്യുമെന്നോ അവരുടെ രാജ്യം അക്രമിക്കുമെന്നോ അവിടുന്ന് അവരെ ഭീഷണിപ്പെടുത്തുകയുണ്ടായിട്ടില്ല. മതപരമായ സമരം അനുവദിച്ചിട്ടുണ്ടെന്നുള്ളത് ശരിതന്നെ. പക്ഷെ, ഇസ്ലാംമതത്തെ പിഴുതുകളയുവാൻ ബദ്ധകച്ചരായി ഇറങ്ങുന്നവരെ പ്രതിരോധിക്കുവാനേ അനുവദിക്കുന്നുള്ളൂ. മതപരമായ മർദ്ദനം അവസാനിപ്പിക്കുകയും (വിശ്വാസ സ്വാതന്ത്ര്യം പ്രഖ്യാപിക്കപ്പെടുകയും) ചെയ്തുകഴിഞ്ഞാൽ ഊരിയ വാൾ ഉറയിലിടുവാനാണിസ്ലാമികാജ്ഞ.

നബി ഏഴ സായുധസമരങ്ങളിലാണ് സംബന്ധിച്ചിട്ടുള്ളത്. ബദർ, ഉഹദ്, അഹ്സാബ്, ഹുനൈൻ എന്നിവയാണതിൽ പ്രാധാന്യമർഹിക്കുന്നവ. യുദ്ധത്തിൽ സ്ത്രീകൾ, കുട്ടികൾ, വൃദ്ധന്മാർ എന്നിവരെ വധിക്കുന്നതിനെയും, ഫലവൃക്ഷങ്ങളും കാഷികോല്പന്നങ്ങളും മററും നശിപ്പിക്കുന്നതിനെയും തിരുമേനി അതികഠിനമായി

ആക്ഷേപിച്ചിട്ടുണ്ട്. സമരത്തിൽ ബന്ധിതരാകുന്നവരെ അടിമകളാക്കി നിറുത്തുകയെന്ന വഴക്കം നിറുത്തൽ ചെയ്തുകൊണ്ട് അവരെ നിരുപാധികം സ്വതന്ത്രരാക്കുവാൻ അദ്ദേഹം കല്പിച്ചിരുന്നു.

നബി (സ: അ) മതകാര്യങ്ങളിൽ അങ്ങേയററത്തെ സഹിഷ്ണുതയാണ് കാണിച്ചിട്ടുള്ളതെന്ന് സർവ്വവിദിതമാണ്. നജ്റാൻ എന്ന സ്ഥലത്തുനിന്നും അറുപതു പേരടങ്ങിയ ഒരു ക്രൈസ്തവനിവേദകസംഘം നബിയെ സന്ദർശിക്കാനായി വന്നു. അദ്ദേഹമവരെ പള്ളിയുടെ സമീപം താമസിപ്പിച്ചു. ഞായറാഴ്ച ക്രിസ്ത്യാനികൾക്ക് പ്രാർത്ഥന നടത്തേണ്ട സന്ദർഭം വന്നപ്പോൾ അവരെ മുസ്ലീംപള്ളിയുടെ അകത്തുവെച്ചു തന്നെ തങ്ങളുടെ മതാചാരപ്രകാരമുള്ള പ്രാർത്ഥന നടത്തുവാൻ നബി അനുവദിച്ചു! ജാതനോ ജനിതാവോ അല്ലാത്ത ഏകദൈവമായ അല്ലാഹുവിനെ ആരാധിക്കുന്ന ഒരു മുസ്ലീം പള്ളിയിൽ, ദൈവപുത്രനെന്ന് വിശ്വസിക്കപ്പെടുന്ന ക്രിസ്തുവിനെ ആരാധിക്കുവാൻ തിരുമേനി അനുവദിച്ചു! ക്രിസ്ത്യാനികൾ തങ്ങളുടെ പതിവനുസരിച്ച് മണിയടിക്കുകയും മററും ചെയ്തുകൊണ്ടാണ് പ്രാർത്ഥന നടത്തിയതു്. ഇത്രത്തോളം പരമതസ്നേഹവും, മതസഹിഷ്ണുതയും മറെറാരു മതപ്രബോധകനും ദൃഷ്ടാന്തമായി കാണിച്ചുകൊടുത്തിരിക്കുകയില്ല.

ഏകാധിപത്യ, ജനാധിപത്യങ്ങളുടെയും അധികാരപ്രമത്തതയുടെയും പേരിൽ മാരകായുധങ്ങൾ സംഭരിച്ചും ലോകം ചുട്ടു ചാമ്പലാക്കാൻ വെമ്പൽ കൊള്ളുന്ന രാഷ്ട്രങ്ങൾ ഇസ്ലാമിന്റെ ശാന്തിമാർഗ്ഗം ആരായട്ടെ! സഹിഷ്ണുതാദർശം സ്വീകരിക്കട്ടെ !

ന്നില്ല. വിളക്കു് കരിന്തിരി കത്തി കെടാറായിരിക്കുന്നു. വെളിച്ചം കുറഞ്ഞു വരികയാണു്. എന്നിട്ടും അതിന്നു ചുററും ഒരു ഈയ്യാം പാററ ചുററിപ്പറക്കുന്നുണ്ടു്. അമ്മ അച്ഛനോടു കാരണം ചോദിച്ചു. അച്ഛൻ വിവരം പറഞ്ഞു. അച്ചുതൻ മുതലാളിയുടെ രണ്ടു കുട്ടികളേയും ഇംഗ്ലീഷു് മീഡിയം സ്കൂളിൽ ചേർത്താൻ പോവുകയാണു് പോൽ. അവക്കു് നല്ലവണ്ണം ഇംഗ്ലീഷറിയാവുന്ന ഒരാളെ ട്യൂഷ്യനെടുക്കാൻ കിട്ടണം. അച്ഛനു് ഇംഗ്ലീഷു വശമല്ല. വെറും ലോവർ പ്രൈമറി സ്കൂൾ ടീച്ചറല്ലെ. അവക്കു് ഒരു ബി. എസ്സി.ക്കാരനെ കിട്ടി. അച്ഛനെ തല്ക്കാലം പിരിച്ചുവിട്ടിരിക്കുന്നു.

കാര്യമറിഞ്ഞപ്പോൾ കരളൊന്നു കാളി. പുകഞ്ഞു കത്തിയ മണ്ണെണ്ണവിളക്കു് പെട്ടെന്നു കെട്ടു. പാററപാറി നടന്നു തീനാളം തല്ലിക്കെടുത്തതോ, അതോ തന്നത്താൻ എണ്ണവററി കെട്ടതോ? എന്തോ. ചുററുപാടും ഇരുട്ടാണു്. കട്ടപിടിച്ച ഇരുട്ടു്. അതു മാത്രമറിയാം.

പട്ടിണിയും പ്രാരബ്ധവുമായിരുന്നു പിന്നത്തെ അനുഭവം. കോളേജിൽ പോവാൻ ഇനി കഴിയില്ലെന്നു് മുഖത്തുനോക്കി അച്ഛൻ പറഞ്ഞില്ല. അതു കണ്ടറിയേണ്ടി വന്നു. ചൂടിപിരിമാത്രം! അതിൽ മിച്ചം വരുന്ന ചില്ലറക്കാശാണു് ഇന്നു് ഈ കുടുംബത്തിന്റെ ആലംബം. അന്നത്തിന്റെ വററു കണ്ട കാലം മറന്നു. കപ്പ പുഴുങ്ങിയതും കട്ടൻ കാപ്പിയും മാത്രമാണു് ആഹാരം. അങ്ങനെയുള്ള താൻ എങ്ങിനെ കോളേജിൽ പോകും? പഠിപ്പു് നിർത്തി. ബിരുദധാരിയല്ലാത്ത ഒരു എക്സു്—കോളേജു് സ്റ്റുഡൻററു് പുറത്തുവന്നു. എന്തിന്നു്? ഉദ്യോഗം തെണ്ടുവാൻ മാത്രം.

കാലത്തിന്നു് കുലുക്കമില്ലായിരുന്നു. പാപത്തിന്റെ കരാളദേവത ഒന്നുകൊണ്ടും വിറയ്ക്കാറുമില്ല. കാലം കടന്നുപോയി. പക്ഷെ ആ കരാളദേവത..........അവൾ മാത്രം കടന്നുപോകാൻ തയ്യാറായില്ല. പത്രംവായന ഒരു തൊഴിലായിതീർന്നു. ലോകവിവരങ്ങൾ അറിയാനല്ല. അറിവു് സമ്പാദിക്കുവാനുമല്ല. വല്ല സ്ഥലത്തും ഉദ്യോഗം ഒഴിവുണ്ടോ എന്നറിയാൻവേണ്ടി മാത്രം. മദ്രാസിലെ ഒരു നെയ്ത്തുമില്ലിൽ ക്ലാർക്കിനെ ആവശ്യമുണ്ടെന്നു പത്രത്തിൽ കണ്ടു. മിനിമം പരീക്ഷായോഗ്യത: സ്കൂൾഫൈനൽ പാസ്സായിരിക്കണം. ഉടനെതന്നെ അപേക്ഷിച്ചു. ഇൻറർവ്യൂ കാർഡുകിട്ടി. ജോലി കിട്ടുമെന്നു് ഉറപ്പിച്ചു. സ്കൂൾഫൈനൽകാരനെയാണു് അവർക്കാവശ്യം. പക്ഷെ ഞാൻ എക്സു്-കോളേജു് സ്റ്റുഡൻററാണല്ലോ.

ഇൻറർവ്യൂവിന്നു് മദ്രാസു്വരെ പോവണം. യാത്രച്ചിലവും മററു പ്രശ്നങ്ങളും. പണം വേണ്ടേ? കുറഞ്ഞതു് ഒരമ്പതു് രൂപയെങ്കിലും വേണം. അമ്പതു ചില്ലിക്കാശുപോലും വീട്ടിലില്ല. അച്ഛൻ അദ്ദേഹത്തിന്റെ സ്നേഹിതനോടു അമ്പതുരൂപ കടം വാങ്ങി. മകന്നു ജോലി കിട്ടുമെന്ന ഉറപ്പിന്മേൽ! ശമ്പളം കിട്ടിയാലുടനെ തിരിച്ചുതരാമെന്ന വാഗ്ദാനത്തിന്മേൽ!

വൃദ്ധപിതാവിന്റെയും കണ്ണിൽ ഈറൻമാറാത്ത അമ്മയുടെയും മുതിർന്നുവരുന്ന പെങ്ങളുടെയും ഒരേ ഒരു ആശാകേന്ദ്രം.

അതെ ഞാൻ വണ്ടികയറി മദ്രാസിലേക്കു്. തികച്ചും ശുഭപ്രതീക്ഷയോടെ.

''പോയിവരൂ. മംഗളം ഭവിക്കട്ടെ.'' അച്ഛൻ പടിയിറങ്ങിയപ്പോൾ പറഞ്ഞ വാക്കുകൾ! പക്ഷെ ഇൻററർവ്യൂവിന്നു് ഹാജരായപ്പോൾ ....... ബിസിനസ്സ് മാനേജർ പറഞ്ഞ വാക്കുകൾ! ഗ്രാഡ്വേററ്സ് ജോലിക്കപേക്ഷിച്ചിട്ടുണ്ടു് പോലും. തെണ്ടികൾ! കരയാൻ വേണ്ടി പിറന്നവൻെറ തേങ്ങലുപോലും കണ്ടറിയാത്ത കള്ളപ്പരിഷകൾ! .......... ചിന്ത താളം പിഴച്ചതാണു്. ഇതൊന്നും പറയാനവകാശമില്ല. മററുള്ളവരും സ്വതന്ത്രരാണു്. തന്നെപ്പോലെ മററുള്ളവർക്കും അപേക്ഷിക്കാനവകാശമുണ്ടു്.---സ്കൂൾഫൈനൽകാരനായാലും ഗ്രാഡ്വേററായാലും.

തിരിച്ചു വണ്ടികയറി. വീട്ടിലേക്കു് എങ്ങിനെ കയറും? നിറഞ്ഞകണ്ണുകളിൽ തെളിഞ്ഞുകണ്ടതു് ഇതുമാത്രം --- മകൻെറ ശമ്പളം വാങ്ങി അസനവിലാഡി എണ്ണതേച്ചു കളിക്കാൻ കൊതിച്ചിരിക്കുന്ന പിതാവു്! പുളിയിലക്കരയൻ മുണ്ടു് സ്വപ്നം കാണുന്ന തോരാത്ത കണ്ണുകളോടുകൂടിയഅമ്മ!! കീറിയ ബ്ലൌസുമാത്രം ഇട്ടു പഴകിയ ആവശ്യങ്ങൾ നിറവേററപ്പെടാത്ത മൂതിന്നുവരുന്ന സഹോദരി!!!

# കാളിദാസനും ഷേക്സ്പീയറും

കെ. ശാരദ, I B. Sc.

പൌരാണികസാഹിത്യലോകത്തും ആധുനികസാഹിത്യലോകത്തും രണ്ടുജ്വലതാരങ്ങളായി പരിലസിക്കുന്ന ശ്രേഷ്ഠന്മാരായ മഹാകവികളാണ് കാളിദാസനും, വില്യം ഷേക്സ്പിയറും. കാളിദാസൻ പൌരസ്ത്യദേശത്തേയും പൌരസ്ത്യസാഹിത്യത്തേയും പ്രതിനിധീകരിച്ചുകൊണ്ടു നില്ക്കുമ്പോഠം ഷേക്സ്പീയർ പാശ്ചാത്യസാഹിത്യത്തിൻെറ "ശുക്രനക്ഷത്ര"മായി രംഗപ്രവേശം ചെയ്യുന്നു.

കാളിദാസമഹാകവിയുടെ കീർത്തിലക്ഷ്മി എല്ലാവിധ പരിധികളേയും ലംഘിച്ച് വിശ്വരംഗത്തിൽ നിത്യനൃത്തം ചെയ്തുകൊണ്ടിരിക്കുന്നു. വിശ്വവചസ്സായ ആ കവികോകിലം ആയിരത്തഞ്ഞൂറിൽപ്പരം വർഷങ്ങളായി മോഹനനിസ്വനത്താൽ സഹൃദയലോകത്തെ സുധാരസധാരയിൽ ആറാടിക്കുവാൻ തുടങ്ങിയിട്ട്. വിക്രമാദിത്യൻെറ വിദ്വൽക്കവിസദസ്സിനെ അലങ്കരിച്ചിരുന്ന "നവരത്നങ്ങളാകുന്ന മനോഹരമാല്യത്തിലെ നടുനായകമണിയാണ് കാളിദാസൻ. അദ്ദേഹത്തിൻെറ കല്പനാശക്തി എല്ലാ മണ്ഡലങ്ങളിലും ചതുരമായി ചരിക്കുന്നു. ലോകത്തിലുള്ള എല്ലാ വസ്തുക്കളിലും എല്ലാ കാര്യങ്ങളിലും ഒരേ ഒരു ശക്തിയുടെ സംഘടിതമായ വ്യാപാരത്തെ ദർശിക്കുന്ന ആക്രാന്തദർശിയായ കവിസത്തമൻെറ ദൃഷ്ടിയിൽ എല്ലാ സംഭവങ്ങളും കാര്യകാരണബന്ധശൃംഗലയുടെ ഓരോ കണ്ണികളാണ്. കവികളിൽ കാളിദാസനും കവിതകളിൽ കാളിദാസകവിതകളും, കാളിദാസകവിതകളിൽ ശാകുന്തളവും മികച്ചുനില്ക്കുന്നു. വിശ്വസാഹിത്യമലർവാടിയിലെ വാടാമലരാണ് ശാകുന്തളം. അദ്ദേഹം, മഹാകാവ്യങ്ങഠം, ഖണ്ഡകാവ്യങ്ങഠം, നാടകങ്ങഠം മുതലായ പ്രശസ്തങ്ങളായ കൃതികഠം രചിച്ചിട്ടുണ്ട്. രഘുവംശം, കുമാരസംഭവം, മാളവികാഗ്നിമിത്രം, ശാകുന്തളം എന്നിവ ഉദാഹരണങ്ങളാണ്.

ഇനി മഹാകവിയായ ഷേക്സ്പീയറുടെ കൃതികളിലേക്കു് ഒന്നു കണ്ണോടിച്ചുനോക്കാം. പാശ്ചാത്യസാഹിത്യമകുടമായ ഷേക്സ്പീയറും കാളിദാസനിൽനിന്നും ഒട്ടുംതന്നെ പിന്നിലായിട്ടല്ല നിലകൊള്ളുന്നതു് എന്നുള്ളതു് ശ്രദ്ധേയമാണ്. ഷേക്സ്പീയറുടെ പ്രശസ്തങ്ങളായ നാടകങ്ങളാണ് "റോമിയോ ആൻറ് ജൂലിയററ്," "ഒഥല്ലോ", "ആൻറണി ആൻറ്ക്ലിയോപാട്ര," "മർച്ചൻറ് ഓഫ് വെനീസ്," "മാക്ബത്ത്," "ടെംപസ്റ്റ്" "ജൂലിയസ് സീസർ," "ടു ജൻറിൽമെൻ ഓഫ് വെറോണ" "കിങ്ങ്ലിയർ" മുതലായവ. ഇവയിലെല്ലാംതന്നെ ആ കവിസാർവ്വഭൌമൻെറ തൂലികയുടേയും പ്രതിഭയുടേയും പ്രവർത്തനചാതുര്യം വളരെ സ്പഷ്ടമായിക്കാണാൻ സാധിക്കും. ആ മഹാകവിയുടെ കാവ്യനിർഝരിയിലെ ഏതൊരു തുള്ളിയും ആസ്വാദ്യമാണ്. പാശ്ചാത്യലോകത്തും പൌരസ്ത്യലോകത്തും ആ മഹാപ്രതിഭയോടു് കിടപിടിക്കുവാൻ പോന്നവനായി കാളിദാസനൊഴികെ വേറെയാരുംതന്നെയില്ല എന്നു പറയുന്നതിൽ ഒട്ടുംതന്നെ അതിശയോക്തിയില്ല.

പക്ഷെ കാളിദാസൻേറയും ഷേക്സ്പീയറുടേയും കൃതികഠം അടുത്തടുത്തുവച്ചു്

വായിച്ച് താരതമ്യപ്പെടുത്തുകയാണെങ്കിൽ ഇരുവരുടേയും വീക്ഷണഗതികൾക്കു തമ്മിൽ സാരമായ ഒരു അന്തരമുണ്ടെന്നു് സൂക്ഷ്മദൃഷ്ടികൾക്കു് കാണുവാൻ കഴിയും. നമുക്കു് ഈ വ്യത്യാസമെന്താണെന്നു് പരിശോധിച്ചു നോക്കാം.

കാളിദാസൻെറ കലാസൃഷ്ടിശക്തിയുടെ വിശേഷോത്തരമായ ഒരു ശില്പവേലയാണല്ലൊ ശാകുന്തളം. ഈ ശാകുന്തളത്തെ തന്നെ ഷേക്ക്സ്പീയറുടെ കൃതികളുമായി താരതമ്യപ്പെടുത്തിനോക്കാം.

കാളിദാസനും ഷേക്ക്സ്പീയറും തങ്ങളുടെ കൃതികളിൽ പാത്രസൃഷ്ടിയും ആവിഷ്കരണവും പരസ്പരാനുയോജ്യങ്ങളായ വിധത്തിലാണു് നിവ്വഹിച്ചിട്ടുള്ളതു്.

എന്നാൽ എന്തുകൊണ്ടോ ഷേക്ക്സ്പീയർ കൃതികളിൽ ''ട്രാജഡി''കളാണു് ഭൂരിഭാഗവും. എങ്കിലും ഷേക്ക്സ്പീയർ കൃതികളെ ''കോമഡികളെന്നും'' ''ട്രാജഡികളെന്നും'' പ്രത്യേകമായി വേർതിരിക്കുവാൻ സാധിക്കുന്നില്ല എന്നുള്ളതും ശരി തന്നെ. ''കോമഡിയും ട്രാജഡിയും'' തിരിഞ്ഞു മറിഞ്ഞു വരാറുണ്ടു്. എന്നാലും ഒരു പ്രത്യേകത ''ട്രാജഡി''യോടുള്ളതുപോലെ തോന്നുന്നു. അദ്ദേഹത്തിൻെറ ''ഒഥല്ലോ'' എന്ന മഹനീയകൃതിയിലേക്കൊന്നു കണ്ണോടിച്ചുനോക്കു !. ധീരനും ശൂരനുമായ ''ഒഥല്ലോ'' കേവലം നിസ്സാരമായ ഒരു തെററിദ്ധാരണക്കു് വശംവദനായി പ്രാണപ്രേയസിയായ ''ഡസ്ഡിമോണ''യെ നിഷ്ഠൂരമായ വിധത്തിൽ കൊലപ്പെടുത്തി ! ആ സാധ്വിയുടെ ദയനീയമായ അപേക്ഷ പ്രതികാരേച്ഛുവായ ആ മനുഷ്യൻ കേൾക്കുന്നില്ല. ഒടുവിലോ? എന്തു സംഭവിച്ചു? വിവരങ്ങൾ പൂർണ്ണമായറിഞ്ഞപ്പോൾ ദുഃഖാത്തനായ ആ ഭർത്താവും ആത്മഹത്യചെയ്തു. ശുദ്ധമായ ''ട്രാജഡി''യാണീകൃതി. ഇനി വേറൊന്നു്. ''മാക്ബത്തു്''. അധികാരദുർമ്മോഹത്തിൻെറ പരിണതഫലങ്ങളാണു് അതിൽ സംഗ്രഹിച്ചിട്ടുള്ളതു്. ഒരു ''ട്രാജഡി'' തന്നെ. വേറൊരു ട്രാജഡിയാണു് ''റോമിയോ ആൻറു് ജൂലിയററു്." ''ജൂലിയസ് സീസറാണു്." വേറൊരു ട്രാജഡി. സ്വന്തം സ്നേഹിതന്മാരാൽ കൊല്ലപ്പെടുവാനുള്ള ഗതികേടാണു് അദ്ദേഹത്തിനുണ്ടായതു്. ഷേക്ക്സ്പീയർക്കു് സ്വന്തം കഥാപാത്രങ്ങളെ കൊല്ലിക്കുന്നതിൽ വലിയ രസം തോന്നുന്നുണ്ടു്.

എന്നാൽ കാളിദാസനു് ഈ ദുഃഖത്തിലേയ്ക്കുള്ള കുതിച്ചുചാട്ടം അത്ര ഇഷ്ടമല്ലെന്നു തോന്നുന്നു. ശാകുന്തളംതന്നെ എടുത്തു നോക്കു ! കാളിദാസൻെറ പാത്രസൃഷ്ടി ആവിഷ്കരണതന്മയത്വം എന്നിവ ഏതൊരുവനേയും ആശ്ചാദിപ്പിക്കുന്നതാണു്, സ്നിഗ്ദ്ധമധുരമായ പ്രണയം, അച്ചടക്കം, ഗുരുജനങ്ങളോടുള്ള ബഹുമാനം ഇത്യാദികളുടെ മനോഹരസമ്മേളനമാണു് ആ കാവ്യകുസുമം. കൂട്ടത്തിൽ കഠിനമായ ദുഃഖവും ഉത്ഭവിക്കാതിരിക്കുന്നില്ല. എങ്കിലും ഷേക്ക്സ്പീയറേക്കാളും ഭേദമാണു് കാളിദാസൻ. എന്തുകൊണ്ടെന്നാൽ തൻെറ കഥാപാത്രങ്ങളോടു് തികച്ചും നീതിപാലിക്കുന്നുണ്ടു് ആ കവീശ്വരൻ.

ആഷ്ഭാരതത്തിൻെറ സന്താനമാണല്ലോ കാളിദാസൻ. അതിനാൽ പുണ്യവാന്മാരും സ്നേഹധനന്മാരുമായ ഋഷികളുടെ ആ ''സ്നേഹ''മെന്ന ഗുണം കുറച്ചു് കാളിദാസനിലേക്കും പകന്നുകാണും. അതുകൊണ്ടായിരിക്കാം ''ആശയററ ശകുന്തള''യോടു് കവിക്കു് കുറച്ചെങ്കിലും ദയതോന്നിയതു്. വിവേകം കൂടാതെ അനുരാഗമാർഗ്ഗത്തിൽ ചരിച്ച നായികാനായകന്മാരെ ദുർവ്വാസശ്ശാപംകൊണ്ടു് കഠിനമായി ദുഃഖിപ്പിച്ച കവി തീക്ഷ്ണമായ ഒരു ''അഗ്നിപരീക്ഷ''കൊണ്ടാണു് പ്രേമത്തിൻെറ വി

ശുദ്ധിയും ശക്തിയും തെളിയിച്ചത്. അല്ലെങ്കിൽ ശകുന്തളയുടെ മോതിരം ശചീതീർത്ഥത്തിൽ കവി എന്തിനാണ് കളഞ്ഞത്?

ഇതിന്നു വേറെയും കാരണങ്ങളുണ്ട്. അവ എന്താണെന്നോ? പറയാം. വെറും താപസകന്യകയായി കാട്ടിൽ വളൎന്ന ശകുന്തളയ്ക്ക് പ്രവൃത്തിജടിലവും ഗൌരവതരവുമായ ഒരു ജീവിതം നയിക്കുന്നവനായ മഹാരാജാവിൻെറ പട്ടമഹിഷിപദം ഏറ്റെടുക്കുവാൻ വേണ്ട ത്രാണിയും ബുദ്ധിശക്തിയും ക്ഷമയും ഇല്ലെന്നു് കരുതിയിട്ടാവാം, കാളിദാസൻ ശകുന്തളയെക്കൊണ്ട് ക്ഷമ അഭ്യസിപ്പിച്ചതു്. നിഷ്കളങ്കരായ ഹരിണങ്ങളുമായി കളിച്ചുകഴിയുന്ന ഒരു പാവം താപസ കന്യകയുടെ സ്ഥാനമെവിടെ? നാഗരീക കാപട്യങ്ങളുടെ "ഊടും പാവും" അറിയുന്നവളായ ഒരു പട്ടമഹിഷിയുടെ സ്ഥാനമെവിടെ? ഇവയ്ക്കു തമ്മിലെ ന്തൊരന്തരം! എങ്കിലും കവി ശകുന്തളക്കു് പട്ടമഹിഷിയാവാൻ അവസരം നല്കുന്നുണ്ട് എന്നുള്ളത് ആശാസ്യമാണ്. കാളിദാസൻെറ ദുൎവ്വാസാവ് മഹൎഷി ഒരു വലിയ ഉപകാരം ചെയ്തു. അതെന്താണെന്നോ? ശകുന്തളയെ അദ്ദേഹം ശപിച്ചില്ലായിരുന്നെങ്കിൽ, പെട്ടെന്നുള്ള സ്ഥാനലബ്ധിയിൽ മതിമറന്നു് ശകുന്തള "ലേഡീമാക്ബെത്ത് മാക്ബത്തിനെയിട്ടു് പാവകളിപ്പിച്ചതുപോലെ"—ദുഷ്യന്തനെയും കളിപ്പിക്കുമായിരുന്നു. പക്ഷെ കോപിഷ്ഠനായ മഹൎഷി ഇടയിൽ ചാടിവീണതിനാൽ ആ അപകടം ഒഴിവായി. പക്ഷെ ശകുന്തളാദുഷ്യന്തന്മാരുടെ വിരഹദുഃഖം കാഠിന്യമുള്ളതാണ്.

എന്തെല്ലാമായാലും സത്യത്തിലും ധൎമ്മത്തിലും സ്നേഹത്തിലും അടിയുറച്ച ജീവിതം ഒരിക്കലും ഒരു ട്രാജഡിയാവില്ലെന്നു് കാളിദാസൻ നമ്മെ പഠിപ്പിക്കുന്നു. പക്ഷെ ക്ഷമ എന്നു പറയുന്നതുണ്ടല്ലോ, അതു കുറച്ചു് അധികംതന്നെ വേണം. ഷേക്സ്പീയറുടെ കഥാപാത്രങ്ങൾക്കു് അതു് കുറവാണെന്നു് തോന്നുന്നു.

ഇങ്ങനെയെല്ലാമാണെങ്കിലും, ചില പൊരുത്തക്കേടുകൾ ഉണ്ടെങ്കിലും ഷേക്സ്പീയറും കാളിദാസനും ആധുനിക സാഹിത്യസാമ്രാജ്യത്തിലെ രണ്ടുജ്വലതാരങ്ങളാണ്. എതിരില്ലാത്ത രണ്ടു മഹാരഥന്മാർ! മൺമറഞ്ഞുപോയവരെങ്കിലും മറക്കപ്പെടാത്ത രണ്ടു മഹാകവികൾ!

ഇവർ രണ്ടുപേരും—കാളിദാസനും വില്യം ഷേക്സ്പീയറും—ആധുനിക സാഹിത്യസാമ്രാജ്യത്തിലെ യശഃസ്തംഭങ്ങളാണ്. ഇവർ രണ്ടുപേരും സാഹിത്യ സാമ്രാജ്യഗോപുരത്തിലെ ഉന്നതങ്ങളായ രണ്ടു കെടാവിളക്കുകളായി നില കൊള്ളുന്നു.

# LIGHTNING RESEARCH PROJECT

(UNDER THE AUSPICES OF C. S. I. R. — GOVT. OF INDIA)

LEAFLET — 1

## PROTECT YOURSELF AGAINST LIGHTNING

LIGHTNING is one of the oldest terrors known to mankind. But today lightning is not so much a mystery as it was before. Man has not found effective ways of preventing the formation of lightning strokes, but he has definitely succeeded in minimising its effects. If several thousands of people are killed by lightning every year all over the world, it is mainly because of their carelessness and ignorance. A person's chances of being killed by lightning are very small, unless he is foolhardy. If one is careful and prudent, the risks are practically nil.

You can protect yourself against lightning, if you take the protective measures and precautions given below. When the time interval between the lightning flash and thunder is less than 10 seconds, it means that the thunderstorm is at a distance of less than 3 kilometres from you and that you are in danger zone. On such occasions do not go out of doors. Avoid high elevated places such as hill-tops, terraces of buildings, tops of towers etc. Avoid trees as far as possible. Never take shelter under isolated trees. Avoid vast open plots of ground such as fields and play grounds. Get out of exposed vehicles such as tractors, bullock carts and golf carts. If you are swimming, get out of water. Don't have any contact with water. Keep away from train tracks, metallic fences, haystacks and transmission towers. Avoid edges of forests. Neither drive nor cycle, and do not fly kites.

When you know that thunderstorm is very near you, get inside a closed automobile ( but don't drive ), large metal or metallic framed building, any building protected by lightning rods or at least any ordinary house. As far as possible, avoid isolated sheds and chapels. If you are inside a forest, seek shelter in a cave, a depression in the ground, a deep valley, the foot of a steep or overhanging cliff, or a thick grove of similary sized trees. There is little need to worry in airliners, ships, trains and cars; but small boats and small airplanes should head for land and their occupants take shelter.

If you are inside a building or a house during a thunderstorm avoid contact with all sorts of electrical appliances and installations. Don't use your telephone. Stay away from large metallic objects — furnances, radiators or pipes—and from fire-places and chimneys. Never take a bath or shower during a lightning storm. Avoid windows opening on nearby trees.

If a man becomes unconcious and if he does not breathe because of the effect of a lightning flash, try to induce artificial respiration ( for a long time ! ) till the doctor comes.

Quilon,
18—11—'63

(SD.) DR. K. GOPALAN
Investigator-in-charge.
T. K. M. College of Engg., Quilon-5.

# മെട്രിക്ക്?

കെ. പി. തിരൂർ, P. U. C.



സ്വതന്ത്രേന്ത്യക്കു് അതിന്റെ പഴകി ഉപയോഗയോഗ്യമല്ലാത്ത തൂക്കങ്ങൾക്കും അളവുകൾക്കും പകരം ഒരു നവീന മാതൃക സ്വീകരിക്കണമെന്ന അഭിപ്രായം പൊന്തിവന്നു. അന്താരാഷ്ട്രരംഗത്തു് പ്രചുരപ്രചാരം സിദ്ധിച്ച മെട്രിക്സമ്പ്രദായത്തെയാണു് ഭൂരിപക്ഷവും അനുകൂലിച്ചതു്. അങ്ങനെ 1956 ഡിസംബർ 28-ാംതിയ്യതി നമ്മുടെ പാർലിമെൻറ് ഇന്ത്യൻ സ്റ്റാൻഡേർഡ് ഓഫ് വെയ്റ്റ്സ് ആൻഡ് മെഷേർസ് (Indian Standard of Weights and Measures) എന്ന ബിൽ നിയമമാക്കി. അതോടെ മെട്രിക്സമ്പ്രദായം അംഗീകരിക്കപ്പെട്ടുകഴിഞ്ഞു. ദശാംശനാണയസമ്പ്രദായം 1957 ഏപ്രിൽ 7-ാം തിയ്യതിയാണു് നടപ്പിലായതു്. ഇന്നു് അമേരിക്ക, ബ്രിട്ടൻ തുടങ്ങിയ രാജ്യങ്ങളും കുറെ കോമൺവെൽത്തു് രാഷ്ട്രങ്ങളും മാത്രമെ ഇനിയും മെട്രിക് വ്യവസ്ഥ സ്വീകരിക്കുവാൻ ബാക്കിയുള്ളു.

ഫ്രാൻസുകാരെയാണു് ഇന്നു് നാം മെട്രിക് സമ്പ്രദായത്തിന്റെ നിർമ്മാതാക്കളായി ഗണിച്ചുവരുന്നതു്. എന്നാൽ പൂജ്യവും ദശാംശസംഖ്യയും ആദ്യമായി ഉപയോഗിക്കുവാൻ തുടങ്ങിയതു് ഇന്ത്യക്കാരാണെന്നതിന്നു് പല തെളിവുകളുമുണ്ടു്. മെട്രിക് ദശാംശത്തെ അടിസ്ഥാനമാക്കിയാണു് നിർമ്മിച്ചിട്ടുള്ളതെന്നതിനാൽ ഈ സമ്പ്രദായത്തിന്നു് ഒരു നവീനമാതൃക നല്കുക മാത്രമാണു് ഫ്രഞ്ചുകാർ ചെയ്തതെന്നും ഇന്ത്യക്കാരാണു് അതിന്റെ നിർമ്മാതാക്കളെന്നും വ്യക്തമാണു്.

സംഖ്യകളെ പത്തു ചിഹ്നംകൊണ്ടു് കുറിക്കുന്ന ആധുനിക സമ്പ്രദായം പൌരാണിക ഭാരതത്തിന്റെ സംഭാവനയാണു്. ഏമർസൺ എഴുതിയിട്ടുള്ള 'Pageant of Indian History' എന്ന ഗ്രന്ഥം ഈ വസ്തുതക്കു് വേണ്ട തെളിവുകൾ നല്കുന്നുണ്ടു്.

ഏകദേശം 2000 കൊല്ലങ്ങൾക്കു് മുമ്പുതന്നെ ഈ സമ്പ്രദായം ഇവിടെ നടപ്പിലായിക്കഴിഞ്ഞിരുന്നു. അശോക ശിലാലിഖിതങ്ങളിലും ക്രിസ്തുവിന്നു് മുമ്പും പിമ്പും എഴുതപ്പെട്ട സംസ്കൃതഗ്രന്ഥങ്ങളിലും ദശാംശസമ്പ്രദായം ഉപയോഗിച്ചിരുന്നതായി കാണപ്പെടുന്നു. ഗ്രീസിൽ ചില അവ്യക്തങ്ങളായ അക്കങ്ങളും റോമിൽ ചില അടയാളങ്ങളുമാണു് അക്കാലത്തുപയോഗിച്ചിരുന്നതു്. ഈ സമ്പ്രദായം ക്രമേണ ഇവിടെനിന്നും കമ്പോഡിയാ, സുമാത്ര, സിലോൺ എന്നിവിടങ്ങളിലേക്കു് വ്യാപിച്ചു.

അറബിഅക്കങ്ങളെന്നു് തെറ്റായി ഗണിക്കപ്പെടുന്ന അക്കങ്ങൾ പൌരാണിക ഭാരതത്തിന്റേതാണു്. അറബികൾ ആദ്യം ചില അടയാളങ്ങളും മുത്തുകളും

ഉപയോഗിച്ചാണ് കണക്കുക്കൂട്ടലുകൾ നടത്തിയിരുന്നതു്. ഇന്ത്യൻ അക്കങ്ങൾ കണ്ടെത്തിയതോടെ അവരതിനെ സ്വീകരിക്കുകയും അവശ്യം വേണ്ട പരിഷ്കാരങ്ങൾ വരുത്തി പ്രചരിപ്പിക്കുകയും ചെയ്തു. അവരാണ് ആഫ്രിക്കയിലും സ്പെയിനിലും ഈ സമ്പ്രദായം എത്തിച്ചതു്. സ്പെയിനിൽ നിന്നാണ് യൂറോപ്യർ ഈ സമ്പ്രദായത്തെ കണ്ടെത്തിയതു്. സമവാക്യം, വർഗ്ഗം, ദ്വികൃതി, ത്രികൃതി തുടങ്ങിയ മൂലതത്വങ്ങൾ വിസ്തരിച്ചതു് ആര്യഭടനാണ്.

ഇത്രയും കാലം നാം ഉപയോഗിച്ചു വന്നിരുന്നതു് ബ്രിട്ടനിലെ അടി, പൌണ്ടു് (F. P. S) സമ്പ്രദായമാണ് ഉപയോഗിച്ചു വന്നിരുന്നതു്. എന്നാൽ 90 കൊല്ലങ്ങൾക്ക് മുമ്പുതന്നെ ഈ സമ്പ്രദായം മാറേണ്ടതായിരുന്നു.

1857ലെ വിപ്ലവത്തോടെ ഇന്ത്യൻ ഭരണം ഈസ്റ്റിന്ത്യാകമ്പനിയിൽനിന്നും ബ്രിട്ടീഷ് മേധാവിത്വത്തിലേക്ക് പകർന്നു. അന്നു് ഇവിടെ ഓരോ ഗ്രാമത്തിലും ഓരോ തരത്തിലുള്ള സമ്പ്രദായങ്ങളാണുണ്ടായിരുന്നതു്. അളവിൻേറയും തൂക്കത്തിൻേറയും ഒരു ഏകീകരണം അനുപേക്ഷണീയമായിരുന്നു. ബ്രിട്ടീഷ് പാർലിമെണ്ടു് 1867ൽ കേണൽ സ്ട്രാച്ചിൻെറ കീഴിൽ ഒരു കമ്മററിയെ നിയമിച്ചു. അദ്ദേഹം മെട്രിക് സമ്പ്രദായം സ്വീകരിക്കണമെന്നു് നിർദ്ദേശിക്കുകയും അതു് 1871 ജനവരി 1-ാംതിയ്യതി നടപ്പിൽ വരണമെന്നു് ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ സ്ഥാപിത തല്പരരുടെ നിഷേധനയം കാരണം ബ്രിട്ടനിൽ നടപ്പുള്ള അടി പൌണ്ടു് (F. P. S) സമ്പ്രദായമാണ് ഇവിടെ നടപ്പിൽ വരുത്തിയതു്.

മെട്രിക്കിന്നു് നവീനമാതൃക നല്കുവാൻ വളരെ ശ്രമങ്ങൾ നടത്തിയതിന്നു ശേഷം മാത്രമെ ഫ്രഞ്ചുകാർക്ക് കഴിഞ്ഞുള്ളൂ.

സുപ്രസിദ്ധ ഫ്രഞ്ചുരാജ്യതന്ത്രജ്ഞനായ ട്രാവിറൻറു് പഴയ units നു് പകരം സർവ്വഘടകകമായിരിക്കത്തക്കവണ്ണമുള്ള ഒരു പുതിയ സമ്പ്രദായം ആവിഷ്കരിക്കണമെന്നു് നിർദ്ദേശിച്ചു. അതിനോടനുബന്ധിച്ചുനടന്ന കണക്കുക്കൂട്ടലുകളുടെ ഫലമായി ഭൂമിയുടെ Meridian ഇൽ (Longitude) വൃത്തപദത്തിൻെറ കോടിയിൽ ഒന്നു് (Ten millionth) ഒരു 'മീററർ' (Metre) ന്നെന്നു് പ്രഖ്യാപിക്കപ്പെട്ടു. South Pole ലൂടെയും North Pole ലൂടെയും കടന്നുപോകുന്ന Meridian എന്ന വൃത്തത്തിൻെറ ഒരു ഭാഗം അളക്കുന്നതിന്നായി ഫ്രാൻസിലെ പ്രസിദ്ധരായ ഡലാമ്പ്രാ, മെച്ചീൻ എന്നീ രണ്ടു എഞ്ചിനീയർമാരെ നിയമിച്ചു. ഡൺകക്കിനും ബാർസിലോണിയാക്കും മദ്ധ്യേയുള്ള വൃത്തരേഖയുടെ Area ആയിരുന്നു അവർക്ക് അളന്നു് തിട്ടപ്പെടുത്തേണ്ടിയിരുന്നതു്.

വളരെയധികം വൈഷമ്യങ്ങൾ സഹിച്ചുംകൊണ്ടു് 1798ൽ അവർ ആ കർമ്മം പൂർത്തിയാക്കി. അന്ത്യഫലങ്ങൾ സൂക്ഷ്മപരിശോധനക്ക് ശേഷം 1799 ജൂൺ 22-ാം തിയ്യതി മീറററിൻെറ നവീന മാതൃകയിലുള്ള മാനദണ്ഡം — പ്ലാററിനം സ്റ്റെയിൽ — നടപ്പിൽവന്നു. അതിന്നു് മുമ്പു തന്നെ — 1793ൽ French National Acadamy, Metre എന്ന പദം ഉപയോഗിച്ചുകഴിഞ്ഞിരുന്നു. മീററർ Metron എന്ന ഗ്രീക്ക് പദത്തിൽനിന്നും Me (അളക്കുക) എന്ന ലാററിൻ ക്രിയയിൽനിന്നും കൂടെ ഉടലെടുത്തതാണ്.

മീറററിൻെറ ഒരു അന്താരാഷ്ട്രീയ മാതൃക ഫ്രാൻസിലെ സെമെററിലുള്ള International Bureau of weights and Measuresൽ സൂക്ഷിച്ചുവെച്ചിട്ടുണ്ടു്. മീറററിൻെറ ഏററവും സൂക്ഷ്മമായ അളവുകൾ കുറിച്ച പ്ലാററിനം ഇരിഡിയം ചേർത്തു നിർമ്മിച്ച ഈ ദണ്ഡിന്നു് ഊഷ്മാവിൽ വരുന്ന വ്യത്യാസം ബാധിക്കുന്നതല്ല. മീറററിനെ പത്തു്കൊണ്ടു് ഹരിക്കുകയോ പെരുക്കുകയോ ചെയ്യുന്നതാണു് മെട്രിക് നീളമളവുകൾ മുഴുവനും.

ദ്രാവകങ്ങളുടെയും മററും അളവുകൾ കുറിക്കുന്നതു് ഗ്രാം തുടങ്ങിയ ഏകകങ്ങളിലാണു്. തൂക്കത്തിൻെറ മൗലിക ഏകകം ഒരു ക്യൂബിക് സെൻറിമീററർ ജലത്തെ അടിസ്ഥാനമാക്കിയാണു്. ഈ മഹാശ്രമത്തിലേർപ്പെട്ടതു് ഫ്രാൻസിലെ ലാവോയിസീർ എന്ന മഹാനായ ശാസ്ത്രജ്ഞനാണു്. നീളത്തിൻെറ ഏകകം അംഗീകരിക്കപ്പെട്ടതോടെ ദ്രവ്യപരിമാണത്തിൻെറ ഏകകങ്ങളും നിർമ്മിക്കപ്പെട്ടു.

നീളം, വ്യാപ്തം, ദ്രവ്യപരിണാമം ഇവ തമ്മിലുള്ള ബന്ധം വ്യക്തവും നേരിട്ടുള്ളതുമായിരിക്കണമെന്നു തീരുമാനിക്കപ്പെട്ടു. ധാരകത്വം (Capacity) $\frac{1}{10}$ മീററർ വീതം വശത്തിന്നു് നീളമുള്ള ഒരു ഘനത്തിന്നു് ലിററർ (litre) എന്നു് നാമകരണംചെയ്തു. ഇത്രയും ജലത്തിൻെറ തൂക്കമാണു് 1 കിലോഗ്രാം. 39 മില്ലീമീററർ ഉയരവും വ്യാസവുമുള്ള ഒരു പ്ലാററിനം സിലിണ്ടറാണു് കിലോഗ്രാമിൻെറ അന്തരാഷ്ട്രീയമാതൃക. ഇതും സെവേറിലെ ബ്യൂറോവിൽ സൂക്ഷിച്ചുവെച്ചിരിക്കുന്നു.

അന്വേഷണക്കമ്മററിയുടെ ഒരു കുറിപ്പിൽ 1100 ഗ്രാമങ്ങളിൽ 143 തരം തൂക്കങ്ങൾ ഉപയോഗിക്കുന്നതായു് കാണപ്പെട്ടു. ഇത്രയും വൈവിധ്യമുള്ള അളവു് — തൂക്കസമ്പ്രദായമുള്ള ഒരു നാട്ടിൽ മെട്രിക് സമ്പ്രദായം സ്വീകരിക്കപ്പെടുകയാൽ ഒരു ഏകീകരണം സാദ്ധ്യമായിവന്നു. അതിൽ നമുക്കു് നമ്മുടെ ഗവർമ്മേണ്ടിനെ അഭിനന്ദിക്കാം.

# മൗലാനാ മുഹമ്മദലി

അബ്ദുൾ അലി, പുറെറക്കാട്.



ഇന്ത്യൻ ചരിത്രത്തിന്റെ താളുകളിൽ സ്വജീവനെ തൃണവൽഗണിച്ചുകൊണ്ട് പാരതന്ത്ര്യത്തിന്റെ ഇരുമ്പഴികളെ പൊട്ടിച്ചെറിയുവാൻ മഹത്തായ പരിശ്രമം നടത്തിയ മഹാരഥന്മാരുടെ നാമങ്ങൾ തങ്കലിപികളാൽ ആലേഖനം ചെയ്തിട്ടുണ്ട്. അക്കൂട്ടത്തിൽ പ്രഥമഗണനീയമായ ഒരു സ്ഥാനമാണ് മൗലാനാ മുഹമ്മദലിക്കുള്ളതെങ്കിലും, നമുക്കദ്ദേഹത്തെക്കുറിച്ചു അല്പജ്ഞാനമേയുള്ളുവെന്നതാണ് പരമാർത്ഥം. ആ മഹാന്റെ 'സംഭവബഹുലമായ ജീവിതത്തിലേയ്ക്കു എത്തിനോക്കുക മാത്രമാണീലേഖനോദ്ദേശം.

സൂര്യനസ്തമിക്കാത്ത ഒരു സാമ്രാജ്യത്തിന്റെ മേധാവികളാണെന്നഹങ്കരിച്ച ബ്രിട്ടീഷ് ഗവർമ്മെണ്ടിന്റെ കീഴിൽ ഭാരതത്തിന്റെ ഓമന സന്തതികൾ മാർഗ്ഗഭ്രംശം നേരിട്ട വഴിപോക്കനെപോലെ ബുദ്ധിമുട്ടുകയായിരുന്നു. ചുററുഭാഗത്തും വെള്ളക്കാരന്റെ തന്നിഷ്ടം നടമാടിക്കൊണ്ടിരുന്നു. പാരതന്ത്ര്യത്തിന്റെ കാർമേഘപടലങ്ങൾ അന്തരീക്ഷത്തിന്റെ ഭീകരതയെ വർദ്ധിപ്പിച്ചു. ഭൗതികത്വത്തിന്റെ വൈതാളികന്മാരായ ഇംഗ്ലീഷ് സർക്കാർ ഇന്ത്യൻ ജനതയെ ഛിന്നഭിന്നമാക്കി. ഈ ചുററുപാടിലാണ് സ്വാതന്ത്ര്യസംഗീതമാലപിച്ചുകൊണ്ട് മൗലാനാ മുഹമ്മദലി രംഗപ്രവേശം ചെയ്തതു്.

1878 ഡിസംബർ അന്ത്യാർദ്ധത്തിൽ റാംപൂരിലെ കുലീനമായ ഒരു കുടുംബമായിരുന്നു മൗലാനാ മുഹമ്മദലിയെ ലോകത്തിനു സമ്മാനിച്ചതു്. ക്ഷുദ്രമായ ഒരു ലളിതജീവിതമായിരുന്നു അദ്ദേഹം നയിച്ചതു്. അലീഗറിൽനിന്നും ഓക്സ് ഫോർഡിൽനിന്നും ഉന്നത ബിരുദം കരസ്ഥമാക്കിയശേഷം തന്റെ ജീവിതത്തെ ഇന്ത്യക്കുവേണ്ടി സമർപ്പിക്കുകയാണ് അദ്ദേഹം ചെയ്തതു്.

ഇന്ത്യയിലെ ഏതൊരു കൊച്ചുബാലനുപോലും, മൗലാനായുടെ സ്വാതന്ത്ര്യവാഞ്ഛയെക്കുറിച്ചാലോചിക്കുമ്പോൾ രോമാഞ്ചമുണ്ടാകാതിരിക്കുകയില്ല.

തികഞ്ഞ ഒരു കോൺഗ്രസ്സുകാരനായിട്ടാണ് അദ്ദേഹം രംഗത്തിറങ്ങിയതു്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്രസിഡണ്ടായി പല പ്രാവശ്യം അദ്ദേഹത്തെ തിരഞ്ഞെടുത്തിട്ടുണ്ട്. പക്ഷെ കാലാന്തരത്തിൽ കോൺഗ്രസ്സിന്റെ നയവുമായി അദ്ദേഹം വിട്ടു പിരിയുകയാണുണ്ടായതു്. ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ പ്രണേതാവും അദ്ദേഹമായിരുന്നു.

മൗലാനാ ഒരു വാശ്മിയും എഴുത്തുകാരനമായിരുന്നു. എച്ച്. ജി. വെൽസിന്റെ വീക്ഷണത്തിൽ നെപ്പോളിയന്റെ ഹൃദയവും മെക്കാളായുടെ തൂലികയും ബെർക്കിന്റെ നാവും ഒത്തിണങ്ങിയ ഒരു മഹാനായിരുന്നു മുഹമ്മദലി. സുപ്രസിദ്ധ ഈജിപ്ഷ്യൻ കവിയായ 'ഷൗഖി', മൗലാനാ മുഹമ്മദലിയെകുറിച്ചു സുദീർഘമായ ഒരു കവിത എഴുതിയിട്ടുണ്ട്. അതിൽ ഒരിടത്തു് അദ്ദേഹം മുഹമ്മദലിയെ കുറിച്ചു ഇങ്ങിനെ പറയുന്നു ''മൗലാനാ മുഹമ്മദലി ധീരനും ഇന്ത്യയുടെ ഖഡ്ഗവുമാണ്. അതുപോലെത്തന്നെ മഹാനായ ജഗന്നിയന്താവിന്റെ ഖഡ്ഗവുമാണ്."

ഭാരതത്തിലെ ജനതയിൽ സ്വാതന്ത്ര്യത്തിന്റെ ബീജങ്ങരം കുത്തിവെക്കുന്നതിൽ അദ്ദേഹത്തിന്റെ പ്രസിദ്ധ പത്രങ്ങളായ ''ഹംദർദ്ദം'' ''കോമ്രേഡും'' സ്തുത്യർഹമായ പങ്കുവഹിച്ചിട്ടുണ്ട്. അതിന്റെ പംക്തിയിൽ അദ്ദേഹമെഴുതിയിരുന്ന ഓരോ ലേഖനവും ഇന്ത്യയുടെ മുക്കിലും മൂലയിലുമുള്ള ജനങ്ങളുടെ സ്വതന്ത്ര്യബോധത്തെ തട്ടിയുണർത്താൻ പര്യാപ്തമായിരുന്നു. പക്ഷെ കാലവിളംബമന്യേ ആ രണ്ടു പത്രങ്ങളും ബ്രിട്ടീഷ് ഗവമ്മേണ്ട് കണ്ടു കെട്ടുകയാണുണ്ടായതു.

ഇംഗ്ലീഷിലും ഉറുദുവിലും നന്നായി പ്രസംഗിക്കുവാൻ അദ്ദേഹത്തിന്നു കഴിഞ്ഞിരുന്നു. വെള്ളച്ചാട്ടം പോലെ വാക്കുകരം അദ്ദേഹത്തിന്റെ കണ്ഠനാളത്തിലൂടെ ചാടുമ്പോരം അനുവാചകർ ആവേശംകൊണ്ടു തുള്ളിച്ചാടുമായിരുന്നു. അങ്ങിനെ അദ്ദേഹത്തിന്റെ പ്രസംഗധോരണി ഒരു പീരങ്കികണക്കെ പൊട്ടിത്തെറിച്ചു.

ഇംഗ്ലണ്ടു് സന്ദർശനത്തിന്നിടയിൽ ലേബർ പാർട്ടിയുടെ ഒരു യോഗത്തിൽ അഞ്ചു് മിനുട്ടു് പ്രസംഗിക്കുവാൻ അദ്ദേഹത്തിന്നു അവസരം ലഭിച്ചു. പ്രസംഗപീഠത്തിൽ നിന്നുകൊണ്ടു് അദ്ദേഹം ഇങ്ങിനെ പറയുകയുണ്ടായി. ''ആറായിരം നാഴിക പിന്നിട്ടു് മുപ്പതു് കോടി ജനങ്ങളെ പ്രതിനിധാനം ചെയ്തുകൊണ്ടാണ് ഞാൻ ഇവിടെ വന്നിട്ടുള്ളതു്. ഒരാരംക്കു് ഒരു മിനിട്ടെന്ന തോതിൽ മാത്രം തരികയാണെങ്കിൽ എത്ര മിനുട്ടു് തരേണ്ടിവരും?'' ആവേശഭരിതരായ ബ്രിട്ടീഷ് ജനത കയ്യടിച്ചുകൊണ്ടു് അദ്ദേഹത്തെ പ്രോത്സാഹിപ്പിക്കുകയാണുണ്ടായതു്. അങ്ങിനെ അദ്ദേഹത്തിന്നു ഇരുപതു മിനുട്ടു് പ്രസംഗിക്കുവാൻ സമയം ലഭിച്ചു.

അക്രമത്തിനും അനീതിക്കുമെതിരായി അദ്ദേഹം തന്റെ തൂലിക ചലിപ്പിച്ചു. അസത്യത്തിന്റെ നേരെ മൗനം ദീക്ഷിക്കുന്ന സ്വഭാവം അദ്ദേഹത്തെ തീണ്ടുകപോലും ചെയ്തിട്ടുണ്ടായിരുന്നില്ല. അധാർമ്മികമായ പ്രവർത്തനത്തിന്നെതിരെ ശബ്ദിച്ചതിന്നു അദ്ദേഹത്തിന്നു വർഷങ്ങളോളം ജയിൽ ശിക്ഷ അനുഭവിക്കേണ്ടി വന്നിട്ടുണ്ടു്.

1919ൽ ജാലിയൻ വാലാബാഗിൽ നടന്ന കൂട്ടക്കൊലക്കെതിരെ ഇന്ത്യക്കാർ ശബ്ദിച്ചു പോകരുതെന്നു സാമ്രാജ്യമോഹികരം പ്രഖ്യാപിച്ചപ്പോരം അതിന്നെതിരിൽ ഇന്ത്യയിൽ ആദ്യമായി ശബ്ദമുയർത്തിയതു് മൗലാനായായിരുന്നു. ഈ സംഭവത്തെ ആസ്പദമാക്കി ജനറൽ ഓഡിയർ ഇങ്ങിനെ എഴുതി. ''നിങ്ങരം ഒരഹങ്കാരിയാ

ണ്, പാവപ്പെട്ട ഇന്ത്യൻ ജനതയെ നിങ്ങൾ കൊന്നൊടുക്കുകയാണ്. കാരണം നിങ്ങളുടെ ഞരമ്പുകളിലൂടെ സാമ്രാജ്യത്വത്തിന്റെ വിഷബീജങ്ങൾ വിഹരിക്കുന്നുണ്ട്. ഒന്നു മനസ്സിലാക്കുക. നിങ്ങളുടെയും നിങ്ങൾ ആരാധിക്കുന്ന ചക്രവർത്തിയുടെയും മുഖത്ത് ഞാൻ കാക്കിച്ചു തുപ്പുകയാണ്! .... "

ലണ്ടനിൽ ചേർന്ന വട്ടമേശസമ്മേളനത്തിൽ പങ്കെടുത്തിരുന്ന സാമ്രാജ്യമോഹികൾ മൗലാനായുടെ മുമ്പിൽ അത്ഭുതസ്തബ്ധരായി ഇരുന്നു പോയിട്ടുണ്ട്. അദ്ദേഹം വെള്ളക്കാരന്റെ മുഖത്തുനോക്കി ഗർജ്ജിച്ചു. "ഇന്ത്യക്ക് പരിപൂർണ്ണ സ്വാതന്ത്ര്യം അല്ലെങ്കിലെനിക്കൊരു ഖബർ" ഈ വാക്കുകൾ പ്രപഞ്ചനാഥൻ സ്വീകരിച്ചു. അദ്ദേഹം അവിടെ വെച്ചു ചരമമടഞ്ഞു. അദ്ദേഹത്തിന്റെ ഭൗതികജഡം പാലസ്തീനിലെ ബൈത്തുൽ മുഖദ്ദിസിലാണ് സംസ്കരിച്ചത്.

ഇന്ന് ഇന്ത്യാഗവമ്മേണ്ട് മഹാന്മാരായ പല നേതാക്കൾക്കും സ്മാരകങ്ങളും മററും ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. അവരുടെ ചരമദിനങ്ങളെ ദുഃഖത്തോടെ ആചരിക്കുകയും ജന്മദിനങ്ങളെ സന്തോഷത്തോടെ കൊണ്ടാടുകയും ചെയ്യുന്നു. എന്നാൽ ഈ ധീരനേതാവിനെ കുറിച്ചു മിക്ക വിദ്യാർത്ഥികളും പൊതുവിൽ അജ്ഞരാണ്. ഈ വിടവ് നികത്തിയിരുന്നെങ്കിൽ !..........ജോർജ്ജ് ബർനാഡ്ഷാ പറഞ്ഞപോലെ "മൗലാനാ മുഹമ്മദലി മഹാനായ ഒരു ഇന്ത്യക്കാരനും മഹാനായ ഒരു മുസൽമാനുമാണ്."

# MUSLIM CONTRIBUTION TO MEDICINE

BY

K. C. ABDUL KHADER, I B. A.

MEDICAL Science is the result of progressive contributions made by different nations in different stages of human history. The contributions of the Muslims in this field had been very great and most remarkable.

Science is mainly, divided into two parts, Theology and Medicine. In ancient times the Arabs believed in the remedial powers of talisman against the evil eye which was considered to be responsible for all diseases.

In course of time there grew up among the Muslims famous physicans. In the first century of Islam the first Muslim physican was Haris — ibn — Kaladah of Taif, a scientifically trained man. He was rightly known by the title of "the Doctor of Arabians". Under Umayyad regime there flourished some outstanding physicans like Ibn Uthal and Muawiya. The patronage of Marwon Bin Hakam helped a great physican, Musarjawah to translate a Syriac treatise into Arabic which is the earliest existing scientific book of medicine in Arabic.

Great importance was attached to the treatment of illness of the eye. The prevalence of desert climate made eye disease common in Muslim countries. The oldest systematic treatise on the subject was written by Ibn — Musawayh. His student Hunayan, an expert in optics wrote "Al—Ashr Maqalat—fil -Ayn" (The ten treatises on eye) which has been translated into English by Max Mayerhop. It is the earliest text book on opthalmology. Abu Ali al Hassan—another great opthamologist made an important contribution. His book "Kitabul Munazir" was first published in Latin by Gerard of Cermona. Al-Hassan's book was widely followed by Roger Bacon, Leonardo de Vinci and Johan Kepler.

Al—Hassan in his work opposed that the eye sends out vision and he presented experiments for testing the angles of incidences and reflection. Another book on the same subject "Selected-material on the treatment on eye" written by Ammar, a great optician, was a standard and complete scientific treatise. Another opthomologist named Ali bin Isa described in his "Tadkhirah" 130 eye diseases.

In anatomy the Muslims could not make much progress because of lack of religious sanction for the dissection of human body. Still they made some attempt. Yahanna was a great anatomist during the time of the "Abbasids". Yahanna dissected apes (a kind of monkey) for studying the structure of the human body.

The great physician Al—Razi was also an anatomist. His field was very great. He invented seton in surgery. The court physican Abul Quasan was the greatest surgeon among the Arabs. His book "Al-Tasrif" sums up the surgical knowledge of his time. He introduced a new idea of cantherzation of wounds and crushing a stone inside the bladder. He also emphasised the necessity of dissection. The surgical part of the work was translated into Latin and published throughout Europe and this helped to lay the foundation of surgery in Europe.

Another equally great figure, Ibn Zuhr, a member of the greatest medical family of Spain was a great clinician and an expert in medicine and surgery. Al-Razi, the greatest Muslim physican has been acclaimed by the West and the East alike as the most original contributor in the field of physiology and medicine. His work monograph on small pox has rightly been called an ornament to the medical science. In it we find the first clinical accounts of small pox. It was first translated into Latin.

Ali—Ibn—Al—Abbas, the first physican to develop and prove finally that in the act of parturitoin the child does not come out by muscular contraction of the womb. While the "Black-Death" was ravaging the whole of Europe in the 14th century and the christain world stood helpless considering it to be the wrath of God, the great Spanish Muslim physican Ibn al-Khalif established the theory of infection. In it he indicated, how the transmission is effected through garments, vessels, and carryings.

The muslims did not much improve the other branches of veterinary art. The physican Yaqub--ibn—Akhi—Aizam composed a treatise on loremanship which contained the rudiments of veterinary art. This has survived in a manuscript in the British Museum.

Systematic hospitals were first established by the Muslims on the orders of Caliph Al—Muqtadir. During this time staff physicans would go from place to place carrying drugs and giving relief to ailing persons. Other physicans visited jails daily. This shows the intelligence and interest of people at that time. Free treatment was provided from early times. Harun's Hospital at Bagdad was famous. Soon it was followed by at least thirtyfive Hospitals in the Muslim world, especially in Cairo. Travelling clinics were conducted. A Hospital had a special ward for women provided with libraries.

All the Muslim physiologists exhibited their talents in the different aspects of the medical science. In short their contribution to Medicine was very remarkable.

# നാടകവും — നാടകവേദിയും

സൈതലവി, തിരൂർ

വിശ്വസാഹിത്യത്തിലേയും ഉത്തമകൃതികളെ ആരായുമ്പോൾ മനോമുകരത്തിൽ പതിയുക നാടകകൃതികളായിരിക്കും. സംസ്കൃതസാഹിത്യഭണ്ഡാഗാരത്തിന്റെ താക്കോൽസൂക്ഷിപ്പുകാർ ഇന്നും കാളിദാസന്റെ നാടകങ്ങളാണല്ലൊ. ഷേക്സ്പിയറുടെ നാടകങ്ങൾക്ക് ഇംഗ്ലീഷ് സാഹിത്യത്തിലുള്ള സ്വാധീനത പ്രഖ്യാതമാണ്. നാടകകല ഒരു ജനകീയ കലയാണ്. സാഹിത്യപരമായ ഉൽകൃഷ്ടത ആ കലാവിശേഷത്തിനു ചുററും ഒരു പരിവേഷം ചമയ്ക്കുന്നു.

ഭാരതീയ നാടകോല്പത്തിയെക്കുറിച്ച് വിവിധങ്ങളായ സംവാദങ്ങൾ നടന്നിട്ടുണ്ടു്. ഇതു്, ഏതെങ്കിലും ഒന്നിന്റെ അനുകരണമാണെന്നോ, പഴയ ഒരു രൂപത്തിന്റെ ശരി പകർപ്പാണെന്നോ സന്ദേഹിക്കുന്നതു് ഉചിതമാണെന്നു് തോന്നുന്നില്ല. മററു രാജ്യങ്ങളിലെന്നപോലെ ഇവിടെയും നാടകകല സ്വതന്ത്രമായുത്ഭവിച്ചതാണെന്നതിന്നു് ധാരാളം തെളിവുകളുണ്ടു്.

മലയാളനാടകവേദി ഒരു ദീർഘകാലപരിണാമത്തിന്റെ ഫലമാണ്. എന്നാൽ 'ചാക്യാർക്കൂത്തും' 'കഥകളിയും' 'കൂടിയാട്ടവും' 'യാത്രകളിയു'മൊക്കെയാണു് നമ്മുടെ നാടകങ്ങളുടെ ഉറവിടമെന്നു് വിചാരിക്കാൻ ന്യായമില്ല. ഈ കലാരൂപങ്ങളും നാടകവും തമ്മിൽ അടിസ്ഥാനപരമായ പല വ്യത്യാസങ്ങളും കാണുന്നുണ്ടു്. ഉൽകൃഷ്ടമായ എന്തിനേയും സ്വീകരിച്ചു്, അതിനെ സ്വകീയമാക്കാൻ കേരളീയരായ നാം എന്നും ഔത്സുക്യം കാണിക്കാറുണ്ടു്. ആ നിലക്കു് അന്യനാടകങ്ങളിലെ നാടകരൂപങ്ങളിൽ നിന്നുമാണു് നാം നമ്മുടെ നാടകപ്രസ്ഥാനത്തിന്നു വേണ്ട രൂപവിധാനങ്ങൾ സ്വീകരിച്ചതു് എന്നു നാം വിശ്വസിക്കുന്നതായിരിക്കും കൂടുതൽ യുക്തം. ഇംഗ്ലീഷ്, സംസ്കൃതം, തമിഴ്, എന്നീ ഭാഷകളുമായി ബന്ധപ്പെടാൻ തുടങ്ങിയതോടെയാണു്



നാടകം മലയാളത്തിലേക്കു് വന്നതു്. ക്രമത്തിൽ മലയാളത്തിൽ ഒരു നാടകപ്രസ്ഥാനം വളന്നുവന്നു.

നാടകം ഒരു ജനകീയ കലയാണു്. ആ കാരണംകൊണ്ടുതന്നെ നാടകം ഏററവും നല്ല ഒരു പ്രചരണോപാധികൂടിയാണു്. 'രംഗപ്രയോഗത്തി'ലാണു് ഒരു നാടകത്തിന്റെ വിജയം പരീക്ഷിക്കപ്പെടുന്നതു്. രംഗപ്രയോഗത്തിലുള്ള അപാകത ചിലപ്പോൾ സാഹിത്യപരമായ പ്രസ്തുത കൃതിയുടെ മേന്മയെക്കൂടി അലങ്കോലപ്പെടുത്താറുണ്ടു്. സദസ്യരെ കൺമുമ്പിൽ കണ്ടുകൊണ്ടല്ലാതെ ഒരുവനും നാടകമെഴുതുകയില്ല എന്നു് ബ്രാൻഡർ മാത്യൂസ് അഭിപ്രായപ്പെട്ടിരിക്കുന്നു. (A book about the theatre). നാടകകൃത്തിനു് സമകാലീന സാമാജികന്മാരെ ഒരിക്കലും അവഗണിക്കുകെ വയ്യ. ഇങ്ങനെ, ജനസാമാന്യവുമായി ഏററവും ഇണങ്ങിച്ചേർന്നു് കഴി

യുന്ന ഒരു സുന്ദര സാഹിത്യകലാസ്വരൂപമാണ് നാടകം.

സാഹിത്യം, അഭിനയം, സംഗീതം, വാദ്യമേളം, നൃത്തം, ചിത്രണം എന്നിങ്ങനെ എല്ലാ കലാവിശേഷങ്ങളും ഒത്തിണങ്ങിയ ഒരു കലാരൂപമാണ് നാടകം. നാടകകൃത്തിന്റെ തൂലികത്തുമ്പുമുതൽ സ്റ്റേജിൽ യവനിക താഴുന്നതുവരെ ആ സ്വരൂപത്തിൽ കല തുടിക്കുന്നതു കാണാം. നാടകത്തിന്റെ പ്രതിഭ നാടകത്തിന്റെ വിജയത്തിനു നിദാനമാണ്. കാലത്തേയും, മനുഷ്യവികാരത്തേയും കണക്കിലെടുത്ത് മാനുഷികമൂല്യങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്നതിൽ ശ്രദ്ധാന്തിയുള്ള ആളായിരിക്കണം നാടകകൃത്ത്. ഇതോടൊപ്പം നാടകം ഒരു സാഹിത്യകൃതികൂടിയാണെന്ന കാര്യം നാം ഒരിക്കലും വിസ്മരിക്കുയുമരുത്. നടൻ, തന്റെ ചതുരത വ്യക്തമാക്കുന്നതു ഭിന്നമാർഗ്ഗങ്ങളിലൂടെയാണ്. ഭാവപ്രകടനങ്ങളും, സംഭാഷണവും ഏതദവിഷയത്തിൽ നടനെ സഹായിക്കുന്ന രണ്ടു പാധികൾ മാത്രമാണ്. ഗാനരചയിതാവുമുതൽ ഗായകൻവരെയുള്ളവർ ഈ കലാവിശേഷത്തിന്റെ തണലിൽ തങ്ങളുടെ പ്രതിഭക്കു വെളിച്ചം നല്കുന്നു. നൃത്തത്തിനും നാടകത്തിൽ അടിസ്ഥാനപരമായ ഒരു സ്ഥാനമുണ്ട്.

ഇങ്ങനെ എല്ലാംകൊണ്ടും അനുഗ്രഹീതമായ—ജനങ്ങളുടെ പരിലാളനം ലഭിക്കേണ്ട—ഈ സുന്ദര കലാവിശേഷം വേണ്ടത്ര പ്രചോദനം ലഭിക്കാതെ ശോഷിച്ചു കിടക്കുകയാണ്.

കേരളീയ ജനത പണ്ടുമുതല്ക്കേ നാടകരംഗവുമായി ബന്ധം പുലർത്തിപ്പോരുന്നുണ്ട്. ഇന്നെന്നപോലെ എന്നും ഓരോ ഗ്രാമത്തിലും, ഓരോ ആണ്ടിലും, ഒരു തവണയെങ്കിലും നാടകം അരങ്ങേറാറുണ്ട്. ഗ്രാമത്തിലെ 'നാടകക്കാർ' അതിനുററു ശ്രമിക്കുന്നു. ഗ്രാമീണർ മുഴുവൻ പ്രസ്തുത വേളയിൽ സ്റ്റേജിനു മുമ്പിൽ തിങ്ങിക്കൂടും. കുററവും കുറവും ആരും കാണുന്നില്ല. തങ്ങൾ കാണുന്നതു കൊണ്ടു അവർ തൃപ്തിയടയുന്നു.

വലിയ പ്രതീക്ഷയോടെ കാണികൾ 'സ്റ്റേജു' കൾക്കു മുമ്പിൽ തിങ്ങിക്കൂടി. പക്ഷെ, വേണ്ടവിധത്തിൽ അവരെ പ്രീണിപ്പിക്കാൻ രംഗപ്രയോഗങ്ങൾക്കു കഴിയാതെ വന്നു. തുടർന്നു നാം കാണുന്നതു തിയേററുകളെ ലക്ഷ്യമാക്കി ഒഴുകുന്ന ഒരു വമ്പിച്ച ജനതതിയേയാണ്. സിനിമാശാലകൾ ഇന്നു സാധാരണക്കാരനെ വളരെയേറെ സ്വാധീനിച്ചിരിക്കയാണ്. സിനിമാവ്യവസായത്തിലേർപ്പെട്ടവർ ഈ അവസരം തികച്ചും വിനിയോഗിക്കാൻതന്നെ തീരുമാനിച്ചു. കാണികളെ നഗ്നസൗന്ദര്യത്തിന്റെ ലഹരിയിലേക്കു വലിച്ചിഴച്ചു പണമുണ്ടാക്കാൻ ചലച്ചിത്ര നിർമ്മാതാക്കൾ മുതിർന്നു. അവർ തികച്ചും വിജയിക്കുകയും ചെയ്തു.

എങ്കിലും നാടകാവതരണ വേളകളിൽ കാണികളെ കിട്ടാത്ത അരാജകത്വമൊന്നും ഇവിടെയുണ്ടായിട്ടില്ല. പ്രത്യുത കാണികളെ കൂടുതൽ അതിലേക്കാകർഷിക്കാൻ നാടക പ്രസ്ഥാനക്കാർക്ക് കഴിയാതെ പോയി എന്നതാണ് വാസ്തവം.

നാടകം ഒരു സാഹിത്യകൃതിയാണെന്നു പ്രാഥമികമായി നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. അപ്പോൾ നാടകകൃത്ത് മനുഷ്യന്റെ ജീവൽ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന—സാഹിത്യകാരനാണല്ലൊ. അപ്പോൾ അയാൾ മനുഷ്യത്വത്തിന്റെ അങ്ങേത്തലമുതല്ക്ക് ഇങ്ങേത്തലവരേക്കും നേട്ടമുള്ളവനായിരിക്കണം. എഴുത്തും വായനയും അറിയുന്ന ആർക്കും ഇന്നു നാടകമെഴുതാമെന്നായിട്ടുണ്ട്. അങ്ങനെയുണ്ടാവുന്ന നാടകങ്ങളൊക്കെ മിക്കവാറും വിലയിരുത്തപ്പെടാൻകൂടി വകയില്ലാത്തവയുമാണ്.

ഏകോന്മുഖമായ വികാരസംഘട്ടനത്തിന്റെ ക്രമത്തിലുള്ള വളർച്ച അതിന്റെ 'ക്ലൈമാക്സി'ലെത്തുന്നതോടെ നാടകം അവസാനിക്കുന്നു. നാടകത്തിലെ കഥ ബഹുമുഖമായിരുന്നാൽ വികാരാവിഷ്കരണത്തിൽ നാടകകൃത്ത് പരാജയപ്പെടുന്നു. തന്റെ ചിന്താസരണിയെ ഏകാഗ്രമാക്കി ഒരു ബിന്ദുവിലേക്കടുപ്പിക്കുവാൻ നാടകകൃത്ത് ശ്രമിക്കണം. സംഭാഷണം നാടകത്തിലെ ഒരു പ്രധാന ഘടകമാണ്. അതിന്റെ ഔചിത്യപൂർവ്വമായ പാതോത്പാതങ്ങൾ നാടകത്തിന്ന് എന്തെന്നില്ലാത്ത ജീവൻ നല്കുന്നു. നാടകവേദിയുമായി ബന്ധമുള്ള നാടകകൃത്ത് നാടകരചനയിൽ വിജയിക്കുമെന്നുള്ളത് വാസ്തവമാണ്. രംഗപ്രയോഗത്തിന്റെ സാങ്കേതികവശങ്ങളെക്കുറിച്ച് അദ്ദേഹം ബോധവാനായിരിക്കുമെന്നതാണിതിന്ന് കാരണം. ഇതിൽ നിന്ന്, നാടകവേദിയുമായി ചിരപരിചയമുള്ള നാടകരചയിതാക്കൾ വലിയ വിഷമമില്ലാതെ അഭിനയിക്കാൻ പററുന്ന നാടകങ്ങളുടെ രചനക്ക് മുതിരണമെന്ന കാര്യം വ്യക്തമാവുന്നു. എന്നിരുന്നാലും രംഗപ്രയോഗത്തിന്റെ ആവശ്യത്തിലേക്ക് കൃതിയുടെ സാഹിത്യപരമായ മേന്മയെ ബലികഴിക്കാൻ നാടകകൃത്ത് മുതിന്നാൽ അതാത്മഹത്യാപരമാണ്. കേരളത്തിൽ നാടകത്തിന്ന് അനുവാചകരേക്കാൾ കൂടുതൽ കാണികളെ ലഭിക്കാനാണെളുപ്പം എന്ന പരമാർത്ഥത്തെ പുരസ്കരിച്ച് നാടകകൃത്ത് രംഗപ്രയോഗത്തിന്റെ കാര്യത്തിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കണമെന്ന് പറഞ്ഞാൽ അത് ആക്ഷേപാർഹമാവുകയില്ല.

ധാരാളം നാടകകൃത്തുക്കൾ നമുക്കുണ്ട്. മിക്കവരും നാടകവേദിയിൽ പയററുന്നവരുമാണ്. തോപ്പിൽ ഭാസി, എൻ. പി. ചെല്ലപ്പൻ നായർ, പി. ജെ. ആൻറണി, കെ. ടി. മുഹമ്മദ്, വീരരാഘവൻനായർ, ജി. ശങ്കരപിള്ള എന്നിങ്ങനെ തുടങ്ങിയാൽ കഴിവുററ നാടകകൃത്തുക്കളുടെ ഒരു നീണ്ട ലിസ്റ്റ്തന്നെ നമുക്കുണ്ടാക്കാൻ കഴിയും. ഇവരുടെയൊക്കെ പരിശ്രമഫലമായി കുറെ നല്ല നാടകങ്ങൾ കൈരളിക്ക് കൈമുതലായുണ്ടെന്നുള്ളത് അഭിമാനാർഹമാണ്.

കേരളത്തിലെ വിവിധ ജില്ലകളിൽ ജനങ്ങളുടെ സംസാരരീതിക്ക് അല്പാല്പം വ്യത്യാസമുള്ളതായി കാണാം. അതേപോലെ വിവിധ സമുദായങ്ങളുടെ ഇടയിലും സംസാരരീതി വ്യത്യാസപ്പെട്ട് കാണുന്നു. ഒരു തിരുവല്ലാക്കാരൻ മലബാറിൽ വന്ന് ഒരാളോട് ''എന്താടാ കൂവേ" എന്നു ചോദിച്ചാൽ മലബാറുകാരന്ന് അല്പം നീരസം തോന്നുന്നുവെങ്കിൽ അത് ആ സംസാരരീതിയോടുള്ള പരിചയക്കുറവുകൊണ്ടു മാത്രമാണ്. നാടകത്തിൽ പ്രതിപാദിക്കപ്പെടുന്ന സ്ഥലത്തിന്നും, സമുദായത്തിന്നും, കഥാപാത്രങ്ങൾക്കും അനുയോജ്യമായ ഭാഷ നാടകകൃത്ത് ഉപയോഗിച്ചാൽ അതുതന്നെയാണുചിതം എന്ന് തോന്നുന്നു. അതല്ലാതെ എല്ലാവർക്കും ക്ഷണത്തിൽ മനസ്സിലാകണമെന്ന് കരുതി, സ്വാഭാവികത കളഞ്ഞ്കളിച്ച് ഭാഷയെ കൃത്രിമത്വത്തിന്റെ മണ്ഡലത്തിലേയ്ക്ക പിടിച്ചുകയററാൻ നാടകകൃത്ത് ശ്രമിക്കരുത് തന്നെ.

നാടകാവതരണത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ആദ്യം പരിഗണിക്കേണ്ടത് അഭിനയത്തിന്റെ കാര്യമാണ്. അപ്പോൾ അഭിനേതാക്കളെക്കുറിച്ച് ചിന്തിക്കാതിരിക്കാൻ നിർവ്വാഹമില്ല. തന്മയത്വമായി അഭിനയിക്കാൻ കഴിവുള്ള നടന്മാർ മലയാള നാടകവേദിയിലുണ്ട്. ഓ. മാധവൻ, പി. ജെ. ആൻറണി, കഞ്ഞാണ്ടി, കെ. പി. ഉമ്മർ, നെല്ലിക്കോട്ട് ഭാസ്കരൻ എന്നിങ്ങനെ തുടങ്ങിയാൽ ആ പട്ടിക നീണ്ട

പോറും. എന്തുകൊണ്ടോ ഇവരെല്ലാം തന്നെ ഇന്നു് ഒരു സിനിമാഭ്രാന്തിൻെറ ഹാലിളക്കത്തിലാണു്. ആ രംഗത്തു് ചിലരൊക്കെ വിജയിച്ചിട്ടുമുണ്ടു്. നാടകരംഗത്തു് വേണ്ടത്ര ഭദ്രതകാണാത്തതുകൊണ്ടാവാം അവർ സിനിമാവേദിയിലേക്കോടുന്നതു്. അതു് സ്വാഭാവികവുമാണു്, അവരെ നാടകവേദിയിൽതന്നെ ഉറപ്പിച്ചു നിർത്താൻ നമുക്കു കഴിയുമാറാകട്ടെ.

